Email :keralarcs.coop@kerala.gov.in
Website :www.cooperation.kerala.gov.in
Fax :0471-2331513,0471-2331136

നം.ഇ.എം(5)6890/2020

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി-12/02/2021.

# സർക്കുലർ നമ്പർ -12/2021

വിഷയം :-സഹകരണ വകുപ്പ്-സഹകരണബാങ്ക്/സംഘങ്ങളിൽ പോഷകവിഭാഗം ഉപനിബന്ധനകൾക്ക് അംഗീകാരം നല്കുന്നത്-മാർഗ്ഗ നിർദ്ദേങ്ങൾ പുറപ്പെട്ടുവിക്കുന്നത്-സംബന്ധിച്ച്.

സഹകരണ നിയമം ചട്ടം 185(1) പ്രകാരം ഉപചട്ടങ്ങൾ(2),(3),(4) എന്നിവയിൽ പറയുന്ന തസ്തികകളിലെ ഒഴികെ ഒരു സംഘത്തിലെ തസ്തികകളിലേക്കുള്ള നിയമനം പോഷകവിഭാഗത്തിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്.സഹകരണ സർവ്വീസ് പരീക്ഷാ ബോർഡു വഴി പരീക്ഷ നടത്തി നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള തസ്തികകൾക്ക് ഉപരിയായി സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിന് നിശ്ചയിക്കപ്പെട്ട തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തി ജോയിന്റ് രജിസ്ട്രാർമാർ പോഷക വിഭാഗം ഉപനിബന്ധന അംഗീകരിച്ച് നല്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഉപനിബന്ധനകളുടെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങൾ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡു വഴി പരീക്ഷ നടത്തി നിയമനം നടത്തുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയത് നിരവധി കോടതി വ്യവഹാരങ്ങൾക്ക് ഇടയാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സഹകരണബാങ്കുകൾ/ സംഘങ്ങളുടെ പോഷക വിഭാഗം ഉപനിബന്ധനകൾക്ക് അംഗീകാരം നല്കുമ്പോൾ ജോയിന്റ് രജിസ്ട്രാർമാർ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. സഹകരണ നിയമം,ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ച് മാത്രമേ സഹകരണ ബാങ്ക്/സംഘങ്ങളിലെ പോഷക വിഭാഗം ഉപനിബന്ധനകൾക്ക് ജോയിന്റ് രജിസ്ട്രാർമാർ അംഗീകാരം നല്കാവൂ.

2. സഹകരണ നിയമം,ചട്ടത്തിലെ മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിന് നിശ്ചയിക്കപ്പെട്ട തസ്തികകളിൽ നേരിട്ട് നിയമനം

നടത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തി പോഷകവിഭാഗം ഉപനിബന്ധനകൾ അംഗീകരിച്ച് നല്കിയിട്ടുണ്ടെങ്കിൽ ആയത് പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
ജെറോമിക് ജോർജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :-

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ,ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും .
5. എഡിറ്റർ സഹകരണ വീഥി
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)